# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 600** **19.03.2013-ൽ മറുപടിയ്ക്ക്**

**ട്രെയിൻ വഴിയുള്ള ചരക്ക് നീക്കം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| ട്രെയിൻവഴിയുള്ള ചരക്ക് നീക്കം മൂലം കാസർഗോഡ് ജില്ലയിൽ എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ടെന്നും ഇതു തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ? | ട്രെയിൻ വഴിയുള്ള ചരക്ക് നീക്കം മൂലം കാസർഗോഡ് ജില്ലയിൽ എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായി എന്ന് കൃത്യമായി കണക്കുകൂട്ടാൻ സാധ്യമല്ല. എന്നാൽ കാസർഗോഡ് ജില്ലയിൽ ഇന്റലിജൻസ് സ്ക്വാഡിനെ ഉപയോഗിച്ച് ട്രെയിൻ വഴിയുള്ള ചരക്ക് നീക്കം ഫലപ്രദമായി പരിശോധിച്ചതിൽ 54 കേസ്സുകളിലായി 2.10 ലക്ഷം രൂപ പിഴയിനത്തിൽ ഈ സാമ്പത്തിക വർഷം ഇതുവരെയായി ഈടാക്കിയിട്ടുണ്ട്.<br>ട്രെയിൻ വഴിയുള്ള ചരക്ക് നീക്കം തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡ് റെയിൽവെ സ്റ്റേഷൻ പരിസരത്ത് നിരന്തരം പരിശോധനകൾ നടത്താറുണ്ട്. ചില ദിവസങ്ങളിൽ റെയിൽവെ ഡ്യൂട്ടിയായി മാത്രം പ്രത്യേകം സ്ക്വാഡിനെ പോസ്റ്റ് ചെയ്യാറുമുണ്ട്. കൂടാതെ, ഓണം, റംസാൻ തുടങ്ങിയ ഉത്സവസമയങ്ങളിൽ ജില്ലയിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ